## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.432 29.05.2019-ലെ മറുപടിക്ക്

<u>ചോദ്യം</u>

ശ്രീ.വി.ടി. ബൽറാം

<u>മറുപടി</u>

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പമന്ത്രി

### <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാണെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങൾ ഗുരുതരമായ സാമ്പത്തിക ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. |
| (ബി) | 2016 മാർച്ച് 31 - ലെ കണക്കനുസരിച്ച് സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമായിരുന്നു കടബാധ്യത; നിലവിൽ അതിന്റെ തോത് എത്ര | 2015-16,2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ കടബാധ്യത/ ജി.എസ്.ഡി.പി അനുപാതവും ധന ഉത്തരവാദിത്ത നിയമപ്രകാരമുള്ള കടബാധ്യത/ജി.എസ്.ഡി.പി അനുപാത ലക്ഷ്യവും ചുവടെ ചേർക്കുന്നു:- |

<table>
<tr>
<td></td>
<td>ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;</td>
<td rowspan="2">
<table>
<tr><td>ഇനം</td><td>2015-16</td><td>2016-17</td><td>2017-18</td><td>2018-19</td></tr>
<tr><td>കടബാധ്യത/ ജി.എസ്. ഡി.പി അനുപാതം</td><td>28.21 %</td><td>30.25 %</td><td>30.69 %</td><td>30.49 % (RE)</td></tr>
<tr><td>കടബാധ്യത/ ജി.എസ്. ഡി.പി അനുപാതം (ധന ഉത്തര വാദിത്ത നിയമം അനുസരിച്ച്)</td><td>31.34% (പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ചുള്ളത്. പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് കേരള ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി വരുത്തിയത് 2017-18 സാമ്പത്തിക വർഷം മുതലാണ്.)</td><td>30.84 %</td><td>30.40 %</td><td>30.01 %</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>ധന ഉത്തരവാദിത്ത നിയമപ്രകാരം കടബാധ്യതകൾ സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനം വരെ ആകാമെന്ന് വ്യക്തമാക്കുമോ?</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**